LIBRARY ARCHIVES Kerala Legislative Assembly

മാൻഹോൾ അപകടം

197(2666) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രെയിനേജ് മാൻഹോൾ വൃത്തിയാക്കാനിറങ്ങിയ രണ്ട് തൊഴിലാളികളും സഹായിക്കാൻ ശ്രമിച്ച മറ്റൊരാളും വിഷവാതകം ശ്വസിച്ച് മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിച്ച് അപകട മരണം ക്ഷണിച്ചു വരുത്തി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നരഹത്യക്കുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മരണമടഞ്ഞവരുടെ കുടുംബത്തിന് സഹായം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വേണ്ടത്ര മുൻകരുതൽ സ്വീകരിക്കാതെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ ജീവനക്കാർക്കെതിരെ ഈ അപകടവുമായി ബന്ധപ്പെട്ട് പോലീസ് ക്രിമിനൽ കേസ് ചാർജ് ചെയ്തിട്ടുണ്ട്.

(സി) മരിച്ച രണ്ട് തൊഴിലാളികളുടെ ബന്ധുക്കൾക്ക് പ്രവൃത്തിയെടുത്ത കരാറുകാർ ഒരു ലക്ഷം രൂപാവീതം നൽകിയിട്ടുണ്ട്. അപകടത്തിൽപ്പെട്ട തൊഴിലാളികളെ സഹായിക്കാൻ ശ്രമിച്ച് മരണമടഞ്ഞ നൗഷാദ് എന്ന ആളുടെ കുടുംബത്തിന് കരാർ കമ്പനി മൂന്ന് ലക്ഷം രൂപ നൽകിയതായും കരാർ വ്യവസ്ഥ പ്രകാരമുള്ള വർക്ക്മാൻ കോമ്പൻസേഷൻ ആക്ടനുസരിച്ച് നഷ്ടപരിഹാര തുകയായ 14.30 ലക്ഷം രൂപ കരാറുകാരൻ ഇൻഡസ്ട്രിയൽ ടൈബ്യൂണലിൽ കെട്ടിവച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞതായി കേരള വാട്ടർ അതോറിറ്റി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.